പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2308 07.02.2019 ൽ മറുപടിക്ക്.

## ടാക്സ് കോർണറുകൾ

| ചോദ്യം<br>ശ്രീ.എൻ.ഷംസുദ്ദീൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ നികുതി ഭരണത്തെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ വകുപ്പിന്റെ എല്ലാ ജില്ല ആസ്ഥാനങ്ങളിലും സംസ്ഥാന ആസ്ഥാനത്തും ടാക്സ് കോർണറുകൾ ആരംഭിക്കുവാൻ വേണ്ടി 2.5 കോടി രൂപ വകയിരുത്തിയിരുന്നോ; | (എ) | 2016-17 ബഡ്ജറ്റിൽ സ്റ്റേറ്റ് ജി.എസ്.ടി വകുപ്പിൽ നികുതിയുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ വിവരങ്ങൾ അറിയിക്കുന്നതിന് വേണ്ടി ഇ-ന്യൂസ് ലെറ്റർ, നികുതി ഭരണത്തെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ വകുപ്പിന്റെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സംസ്ഥാന ആസ്ഥാനത്തും ടാക്സ് കോർണറുകൾ, ടാക്സ് അഡ്വൈസറി യൂണിറ്റ്, പരാതി പരിഹാരത്തിനു വേണ്ടിയുള്ള ടോൾ ഫ്രീ സംവിധാനം, മൊബൈൽ ആപ്ലിക്കേഷൻ തുടങ്ങിയ നൂതനമായ നടപടികൾ പ്രാവർത്തികമാക്കുന്നതിനു വേണ്ടി 2.50 കോടി രൂപ വകയിരുത്തിയിരുന്നു. |
| (ബി) | എങ്കിൽ ഇപ്രകാരം പ്രസ്തുത ടാക്സ് കോർണറുകൾ എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ട്; ഇതിന്റെ വിശദാംശം നൽകുമോ? | (ബി) | 2017-18 കാലഘട്ടത്തിൽ ടാക്സ് കോർണറുകൾ സ്റ്റേറ്റ് ഹെഡ് ക്വാർട്ടേഴ്സ് തിരുവനന്തപുരത്തും, ജില്ലാ ഹെഡ് ക്വാർട്ടേഴ്സ് എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചു. മറ്റ് ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ